# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സർവ്വകലാശാല സെന്ററുകൾ-ഗസ്റ്റ് അധ്യാപക നിയമനം-സിൻഡിക്കേറ്റ് സ്റ്റാഫ് ഉപസമിതി ശിപാർശകൾ അന്തർ സർവ്വകലാശാല സെന്ററുകൾക്കും ബാധകമാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം എ7 സെക്ഷൻ**

**യു.ഓ നം: 3699/എ7/2/2018/ഭ:വി** **പ്രിയദർശിനി ഹിൽസ്, തീയതി: 28/04/2018**

---

പരാമർശം (1) യു.ഓ നം: 7586/എ 5(3)/ജി.എഫ്./2017/ഭ:വി, തീയതി: 30/12/2017
(2) യു.ഓ നം: 1024/710/എ 5(3)/2018/ഭ:വി, തീയതി: 15/02/2018

**ഉത്തരവ്**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള സിൻഡിക്കേറ്റ് സ്റ്റാഫ് ഉപസമിതി ശിപാർശകൾ അംഗീകരിച്ച് ബഹു: വൈസ് ചാൻസിലർ ഉത്തരവായതിൻ പ്രകാരം പരാമർശം (1) ഉത്തരവും, സർവ്വകലാശാല പഠന വകുപ്പുകളിൽ ഗസ്റ്റ് അധ്യാപകരെ നിയോഗിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച സർവ്വകലാശാല സിൻഡിക്കേറ്റ് തീരുമാനപ്രകാരം പരാമർശം (2) സർവ്വകലാശാല ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

ഇവ പ്രകാരം, യോഗ്യതാമാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്ന വാക്-ഇൻ-ഇന്റർവ്യൂവിൽ യോഗ്യരായവരെ ഉൾപ്പെടുത്തി പട്ടിക തയ്യാറാക്കുന്നതും, ഇത് സംബന്ധിച്ച് അറിയിപ്പ് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് നൽകുന്നതുമാണ്. ഇങ്ങനെ നിയോഗിക്കപ്പെടുന്നവർക്ക് സർവ്വകലാശാല നിയമന ഉത്തരവ് നൽകുകയോ ഇവരുമായി കരാറിൽ ഏർപ്പെടുകയോ ചെയ്യുന്നതല്ല. ഇങ്ങനെ തയ്യാർ ചെയ്യപ്പെടുന്ന പട്ടികക്ക് ഒരു വർഷ കാലാവധിയായിരിക്കും. റാങ്ക് പട്ടികയുടെ കാലാവധിക്ക് ശേഷം പൊതു സംവരണ പട്ടികക്കനുസരിച്ച് അടുത്ത വിഭാഗത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ച് അഭിമുഖം നടത്തി പുതിയ പട്ടിക തയ്യാറാക്കുന്നതാണ്. എല്ലാ സെന്ററുകൾക്കും പൊതുവായ ഒരു സംവരണ പട്ടിക പാലിക്കുന്നതായിരിക്കും.

ടി മാർഗ്ഗനിർദ്ദേശങ്ങൾ സർവ്വകലാശാല സെന്ററുകൾക്കും ബാധകമാക്കി ബഹു: വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
സുനിൽ ബാബു കെ.
ഡെപ്യൂട്ടി രജിസ്ട്രാർ-III (ഭ.വി.)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:

1) എല്ലാ സർവ്വകലാശാല സെന്ററുകളുടെ മേധാവികൾ
2) വൈസ് ചാൻസിലറുടെ/പ്രൊ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
3) രജിസ്ട്രാറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ
4) ജോയിന്റ് രജിസ്ട്രാർ-1 (ഭ:വി)/ഡെപ്യൂട്ടി രജിസ്ട്രാർ-III(ഭ:വി)
5) ഫിനാൻസ് 1 / 4, ഓഡിറ്റ് 1 / 5, ഐ.ക്യൂ.എ.സി
6) ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് (എം.ജി.യൂ. ആഡിറ്റ്)
7) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8) റെക്കോർഡ്സ് സെക്ഷൻ/എസ് എഫ്/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം:എഡി എ7/പി-23/1/2011/ഭ:വി